കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

**e-mail: dotvm.ksad@kerala.gov.in, lfadtvm@yahoo.com**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2038/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 07.12.2019

ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**പൂവച്ചൽ ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖ-1-21,1-32,1-33 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2038/2019** **തീയതി 07.12.2019**

## തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ **പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.08.2018 മുതൽ 20.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കു ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 29.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ എസ്സ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുരേഷ് ബാബു ബി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അനിൽകുമാർ ആർ സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയലക്ഷ്മി ബി കെ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.കോസല രാമദാസ്.കെ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിനീത പി.പി, ഓഡിറ്റർ |

***(ബി) <u>നിർവ്വഹണാധികാരികൾ</u>***

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. കെ രാമചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. ജോസഫ് ബിജു എം | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാലചന്ദ്രൻ നായർ<br>ശ്രീമതി. ബീന എബ്രഹാം | 01.04.2018മുതൽ31.08.2018വരെ<br>1.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ,എ സർക്കിൾ | ശ്രീമതി.സംഗീത കൃഷ്ണൻ ഐ.കെ | 01.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ,ബി സർക്കിൾ | ശ്രീമതി.നിഷ എൽ.എസ് | 01.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കല്യാണിക്കുട്ടി. പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ലേഖ ഡി.എസ്<br>ശ്രീ.ജോയ് എം.ഡി | 01.04.2018 മുതൽ 15.11 2018 വരെ<br>16.11.2018 മുതൽ 31.3.2019 വരെ |
| എം.ഒ. പി.എച്ച്.സി. | ഡോ. നെൽസൺ<br>ഡോ. ഷീബ എസ് എൽ | 01.04.2018 മുതൽ 30.06.2018 വരെ<br>01.07.2018മുതൽ 31.03.2019 വരെ |
| എം.ഒ. ഹോമിയോ | ഡോ. ബീന ജി<br>ഡോ. സിമി | 01.04.2018 മുതൽ 30.6.2018 വരെ<br>01.07.2018 മുതൽ 31.03.2019 വരെ |
| എം.ഒ, ആയുർവേദം | ഡോ.ഇന്ദുലേഖ സി.ജി | 01.04.2018 മുതൽ  31.03.2019 വരെ |
| വെറ്റിനറി ഡോക്ടർ | ഡോ. അപർണ്ണ.എസ് | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് | കലാവതി എം.എസ് | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.സീനത്ത് ബീവി.എം | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക നില | 1-3 |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്- ലേലം ചെയ്യാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു | 1-12 |
| 13 | വാടക- കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 14 | വസ്തുനികുതി അപാകതകൾ | 1-14 |
| 15 | പെർമിറ്റും ഫിറ്റ്നെസ്സുമില്ലാത്ത കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഇൗടാക്കുന്നില്ല. | 1-17 |
| 18 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. | 1-18 |
| 19 | ബജറ്റ് നടപടി ക്രമം പാലിച്ചില്ല | 1-19 |
| 20 | പ്ലാസ്റ്റിക് മാലിന്യ നിർമാർജനം പദ്ധതി നടപ്പാക്കിയത് അഭിനന്ദനാർഹം - തുടർ പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടലുകൾ അനിവാര്യം | 1-20 |
| 21 | തെരുവ് വിളക്ക് പരിപാലന പദ്ധതികൾ - നിർവ്വഹണം മോണിറ്ററിംഗ് അപാകതകൾ | 1-21 |
| 22 | ലൈബ്രറി നവീകരണ പദ്ധതി -ചെലവ് തുകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല-നിലവിൽ പ്രവർത്തനരഹിതം | 1-22 |
| 23 | ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾലഭ്യമാക്കുന്നില്ല. | 1-23 |
| 24 | അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു. | 1-24 |
| 25 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. | 1-25 |
| 26 | നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല. | 1-26 |
| 27 | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മെച്ചപ്പെടണം. | 1-27 |
| 28 | വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്. | 1-28 |
| 29 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 1-29 |
| 30 | കാർഷികമേഖലയിലെ പ്രോജക്ടുകൾ- ലക്ഷ്യപ്രാപ്തിവിലയിരുത്തേണ്ടതാണ് | 1-30 |
| 31 | ഹോളോബ്രിക്സ് യൂണിറ്റിന് മെഷിനറി വാങ്ങി നൽകൽ - പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും അപാകതകൾ- നാളിതുവരെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചില്ല. | 1-31 |
| 32 | കുടിവെള്ള പദ്ധതികൾ - ചെലവഴിക്കാത്ത ഡെപ്പോസിറ്റ് തുക തിരികെ | 1-32 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ് | |
| 33 | സ്പീച്ച് ബിഹേവിയർ ഓക്കുപ്പേഷൻ തെറാപ്പി- അംഗീകാരം ലഭിച്ചതിനനുസരിച്ച് നടപ്പാക്കിയില്ല. | 1-33 |
| 34 | പകൽവീട് കെയർ ടേക്കർമാർക്ക് അധികവേതനം നൽകി | 1-34 |
| 35 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതി - നടപടിക്രമങ്ങളിൽ വീഴ്ച | 1-35 |
| 36 | 85-ാം നമ്പർ അംഗൻവാടി പ്രവർത്തനം ആരംഭിച്ചില്ല | 1-36 |
| 37 | മാർഗരേഖയിൽ ഇല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നു | 1-37 |
| 38 | മെഡിക്കൽ ക്യാമ്പ്,പ്രതിരോഗ കുത്തിവയ്പ്-പദ്ധതികളുടെ ചെലവിൽ വ്യക്തതയില്ല-ചെലവ് തുക 247107/-രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ്- ഇമേജ് റൂം പ്രവർത്തന സജ്ജമാക്കേണ്ടതാണ് | 1-39 |
| 40 | 2018-19 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനത്തിലെ അപാകങ്ങൾ | 1-40 |
| 41 | വീരണകാവ് പി.എച്ച്.സി യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി-നിഷ്ക്രിയ ആസ്തി ആയി തുടരുന്നു. | 1-41 |
| 42 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 1-42 |
| 43 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-43 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 44 | പകൽവീട് കെയർ ടേക്കർമാർക്ക് അധിക വേതനം നൽകി – 24,000/- രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 45 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 49 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 53 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 31.3.2018 തീയതിയിലെ 3(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13806410 |
| വരവ് | 207704884 |
| ആകെ | 221511294 |
| ചെലവ് | 191717347 |
| നീക്കിയിരിപ്പ് | 29793947 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 34980650 | 34980650 | 34980650 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8671000 | 8671000 | 8671000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 574200 | 574200 | 574200 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12605241 | 12605241 | 12605241 | 0 |
| സംരക്ഷണ ഗ്രാന്റ്( നോൺ റോഡ്) | 0 | 5783761 | 5783761 | 5783761 | 0 |
| സംരക്ഷണ ഗ്രാന്റ്( റോഡ്) | 0 | 5282688 | 5282688 | 5282688 | 0 |
| ബി ഫണ്ട് | 0 | 2277960 | 2277960 | 2277960 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 13511 | 972942 | 986453 | 941547 | 44906 |
| SBT-തനതു ഫണ്ട് | 2847591 | 64684313 | 67531904 | 67197218 | 334686 |
| SBT -Distress fund ഇ -പേയ്മെന്റ് | 210253 | 258881 | 469134 | 441006 | 28128 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | 11272126 | 20469925 | 31742051 | 25053094 | 6688957 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | -567556 | 36337965 | 35770409 | 16037516 | 19732893 |
| SBI പൂവച്ചൽ(current) | 30485 | 64576 | 95061 | 0 | 95061 |
| ബാങ്ക് ഓഫ് ബറോഡ | 0 | 2362446 | 2362446 | 0 | 2362446 |
| ക്യാഷ് | 0 | 506870 | 506870 | 0 | 506870 |

ജനറൽ പർപ്പസ് ഫണ്ടിന്റെ വരവിൽ redemption amount 19004922/-രൂപ കൂടിയുൾപ്പെടുത്തിയതാണ്.

# 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 230 | 173 | 57 | 256907714 | 167845374 | 75 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 13511 | 972942 | 986453 | 941547 * | 44906 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 93043710 | 93043710 | 93043710 | |
| **ആകെ** | **13511** | **94016652** | **94030163** | **93985257** | **49906** |

* RP 16 പ്രകാരം 942837/-രൂപയാണ്. 1290/-രൂപ uncashed cheque ആയതിനാലാണ് പ്രസ്തുത വ്യത്യാസം വന്നത്.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1197960 | 1264 |
| കർഷകതൊഴിലാളി പെൻഷൻ | 4611600 | 1285 |
| വിധവാപെൻഷൻ | 21744300 | 5260 |
| വാർദ്ധക്യകാലപെൻഷൻ | 52900900 | 12476 |
| വികലാംഗപെൻഷൻ | 8613700 | 2052 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1080000 | 36 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 885600 | 235 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2019 രാവിലെ 11 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,532/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-10-2019 മുതൽ 9-10-2019 വരെ | ജൂലൈ, ഓഗസ്റ്റ് 2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.10.2014 – 31.10.2014 | 2009-10 മുതൽ 2013-14 വരെ | - |

## 1-10 ആഭ്യന്തരനിയന്ത്രണം.

i. പദ്ധതി ആസൂത്രണം, തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ സമയബന്ധിതമായി പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിർവ്വഹിക്കുന്നില്ല. നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഭൂരിഭാഗം പദ്ധതികളും ഗുണഭോക്താക്കൾ കുറവായതിനാൽ/കൂടുതലായതിനാൽ/ ഇല്ലാത്തതിനാൽ, കൂടാതെ സബ്സിഡി/ഗുണഭോക്തൃവിഹിതം/ യൂണിറ്റുകളുടെ എണ്ണം എന്നിവ തെറ്റായി ഉൾപ്പെടുത്തി എന്നീ കാരണങ്ങളാൽ ഉപേക്ഷിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്തിരിക്കുന്നു. പദ്ധതികളുടെ തുടർപ്രവർത്തനവും കാര്യക്ഷമതയും മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല.

ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള തുകകൾ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ലാതെയും, കരാറിൽ ഏർപ്പെടാതെയും നൽകിയിരിക്കുന്നു. കരാറുകാർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ കരാറിൽ തീയതി രേഖപ്പെടുത്താതെയും, വ്യവസ്ഥകൾ പൂർണ്ണമായും എഴുതിചേർക്കാതെയും, ഒപ്പിടാതെയും സൂക്ഷിച്ചിരിക്കുന്നു.

ii) സ്റ്റോക്ക് പരിപാലനത്തിലെ അപാകതകൾ

വിവിധ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല. സ്റ്റോക്ക് ലഭിച്ചതിന്റെ വിവരങ്ങൾ (ലഭിച്ച സാധനങ്ങളുടെ എണ്ണം, സ്ഥാപനം, ബിൽ നമ്പർ, ഇൻവോയിസ് തീയതി), സ്റ്റോക്ക് നൽകിയതിന്റെ വിവരം, നീക്കിയിരിപ്പ് (എത്ര എണ്ണം) എന്നിവ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല.

iii) രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

iv) തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ പരപാലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ ക്രമപ്രകാരം സ്റ്റോക്കിലെടുത്ത് കരാറുകാരന് വിതരണം ചെയ്യുന്നില്ല. മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

(v) ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009 )

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

(vi) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് 2018 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(vii) ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ ചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(viii) വരവ്,ചെലവ്,പദ്ധതികൾ എന്നിവയുടെ വിവരം

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. വൗച്ചറുകൾ കൃത്യമായും തുടർച്ചയായ നമ്പറുകളിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ വൗച്ചറോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. മാർഗ്ഗരേഖ അനുശാസിക്കും വിധം മോണിറ്ററിംഗ് നടത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. പല പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു.റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവഹിച്ചിരിക്കുന്നത്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെൻറ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1357/2019 തീയതി 19/08/19

പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്- ലേലം ചെയ്യാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു

കാട്ടാക്കട മാർക്കറ്റിലെ ഗേറ്റ് ഫീ പിരിവ് കുടുംബശ്രീയാണ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനായി ആകെ പിരിക്കുന്ന തുകയുടെ 30% തുക കുടുംബശ്രീക്ക് കമ്മീഷനായി നൽകുന്നുണ്ട്. മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് ലേലം ചെയ്യാത്തതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30) മറുപടിയായി കാട്ടാക്കട പബ്ലിക്ക് മാർക്കറ്റിലെ ഗേറ്റ് ഫീ ലേലം ചെയ്ത് നൽകിയിരുന്നപ്പോൾ കരാറെടുക്കുന്ന ലേലക്കാർ മുഴുവൻ തുക അടയ്ക്കാതിരിക്കുകയും ലേലനടപടികളിൽ നിന്ന് സംഘം ചേർന്ന് വിട്ടുനിൽക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായിരുന്നതിനാൽ 2014-15 വർഷം മുതൽ മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിന് കുടുംബശ്രീയുടെ സേവനം ഉപയോഗപ്പെടുത്തിവരികയാണെന്നും, ലേലം നടത്തുന്നതിനേക്കാൾ കൂടുതൽ തുക കുടുംബശ്രീ മുഖേന പഞ്ചായത്തിന് ലഭിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2018-19 വർഷം ഗേറ്റ് ഫീ ഇനത്തിൽ 20,27,888/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ 6,08,362/- രൂപ കുടുബശ്രീക്ക് കമ്മീഷനായി നൽകിയിട്ടുണ്ട്. കൂടാതെ ഗേറ്റ് ഫീ പിരിവിനുള്ള വനിതകളുടെ സംരക്ഷണാർത്ഥം ഒരു സെക്യൂരിറ്റിയെ മാർക്കറ്റിൽ നിയമിച്ചതിന് 2018-19 വർഷം ആകെ 1,84,968/- രൂപ ടിയാന്റെ ശമ്പളയിനത്തിലും ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ കണക്കാക്കുമ്പോൾ ആകെ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച വരുമാനം 12,34,558/- രൂപയാണ്. അവസാനം ലേലം നടന്ന 2013-14 വർഷം 13,11,000/- രൂപയ്ക്കാണ് മാർക്കറ്റ് ലേലം ചെയ്തത്. ഇത്തരത്തിൽ കണക്കാക്കുമ്പോൾ മാർക്കറ്റ് ലേലം ചെയ്തിരുന്നുവെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വൻവർദ്ധനയുണ്ടാകുമായിരുന്നുവെന്ന് വിലയിരുത്തുന്നു.

<u>ഗേറ്റ് ഫീ പിരിവ് നടത്തുന്നതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 782 രസീത് ബുക്കുകൾ ഗേറ്റ് ഫീ പിരിവിനായി നിയോഗിച്ച കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഓരോ തവണയും രസീത് ബുക്കുകൾ നൽകുമ്പോൾ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തുന്നുവെങ്കിലും കളക്ഷനുശേഷം ലഭിക്കുന്ന രസീതുബുക്കുകളുടെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ആയത് കൃത്യമായി തിരികെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.
2. ഓരോ ദിവസത്തേയും കളക്ഷൻ രേഖപ്പെടുത്തുന്ന ഡെയിലി കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. പിരിച്ചെടുക്കുന്നതുകകൾ അതാതുദിവസമോ, തൊട്ടടുത്തദിവസമോ പഞ്ചായത്തിൽ ഒടുക്കാതെ ആഴ്ചയിൽ രണ്ട് ദിവസങ്ങളിലായാണ് അടവാക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ലേലം കുടുംബശ്രീക്ക് നൽകിയതുവഴി തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്ന വിഷയം ഭരണസമിതി പരിശോധിക്കേണ്ടതുമാണ്.

## 1-13 വാടക- കുടിശ്ശിക ഈടാക്കേണ്ടതാണ്

കാട്ടാക്കട മാർക്കറ്റിലെ ചുവടെ ചേർക്കുന്ന കടമുറകളിൽ നിന്ന് വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം

ചുവടെ ചേർക്കുന്നു.

| കടമുറി നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 15 | ശ്രീ.അഷറഫ്, ഉണ്ടപ്പാറ | 27000/- (3000x9) |
| 34 | ശ്രീമതി ഉഷ, കട്ടയ്ക്കോട് | 15000/- (3000x5) |

15-ാം നമ്പർ കടമുറി ഉടമസ്ഥനെതിരെ ഓൺലൈൻ ആർ.ആർ. നടപടികളെടുത്തിട്ടുണ്ടെന്നും, 34-ാം നമ്പർ കടമുറി ഉടമസ്ഥന് റവന്യൂ റിക്കവറി നടപടികൾക്ക് മുന്നോടിയായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക്(നം.2) മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി അപാകതകൾ

1. ഡേറ്റാ പ്യൂരിഫിക്കേഷൻ- അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.

വസ്തുനികുതി ഡാറ്റാപ്യൂരിക്കേഷൻ വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.35) സ്ഥലപരിശോധന നടത്തി, വിവരശേഖരണത്തിലുള്ള അപാകത പരിഹരിച്ചിട്ടുണ്ടെന്നും, അപാകതയുള്ള മൂന്ന് കെട്ടിടങ്ങളൊഴികെയുള്ളവയുടെ (പൂവച്ചൽ വാർഡിലെ PP/XXII/406 C, ഉണ്ടപ്പാറ വാർഡിലെ PP/2/74, പന്നിയോട് വാർഡിലെ PP/8/104 A) ഡേറ്റാപ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചുവെന്നുമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തുനികുതി ക്രമപ്പെടുത്തി എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകളോ ഫയലോ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

2. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1)-ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) വാർഡ്-22 (പൂവച്ചൽ)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ഇളവ് - 10% വർദ്ധനവ് - 20%) |
|---|---|---|---|
| 22/463/A | ശ്രീ.സ്റ്റുവർട്ട്, കാപ്പിക്കാട് | താഴത്തെ നില (82 ച മീ ) വാണിജ്യം | 4510 |
| 22/463/B | | താഴത്തെ നില (25 ച മീ ) വാണിജ്യം | 1320 |
| | **ആകെ** | **107 m2** | **5830** |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 107 ച.മീ

ആകെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ട നികുതി - 7062/- രൂപ

(107 x 60 = 6420 -(10% മേൽക്കൂര ഇളവ്)+(20% വഴിസൗകര്യം വർദ്ധനവ്) = 7062/-)

കണക്കാക്കിയ നികുതി - 5830/-

നികുതി കണക്കാക്കിയതിൽ കുറവ് - 1232/- രൂപ

**2) വാർഡ് 18 (മാർക്കറ്റ്)**

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (വർദ്ധനവ് - 20%) |
|---|---|---|---|
| 18/171/A | ശ്രീ.ബാജി, ഷാജി മൻസിൽ | താഴത്തെ നില (53.38 ച മീ ) | 3203 |
| 18/171/B | | താഴത്തെ നില (53.38 ച മീ ) | 3203 |
| 18/171/D | | ഒന്നാം നില (53.38 ച മീ ) | 3043 |
| 18/171/E | | ഒന്നാം നില (53.38 ച മീ ) | 3043 |
| 18/171/F | | ഒന്നാം നില (53.38 ച മീ ) | 3043 |
| 18/171/G | | ഒന്നാം നില (53.38 ച മീ ) | 3043 |
| | **ആകെ** | **320.28 m2** | **18578/-** |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 320.28ച.മീ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ട നികുതി -23060/- രൂപ

(320.28x 60 = 19217 +(20% വഴിസൗകര്യം വർദ്ധനവ് )=23060/- രൂപ)

കണക്കാക്കിയ നികുതി - 18578/-

നികുതി കണക്കാക്കിയതിൽ കുറവ് - 4482/- രൂപ

ഓഡിറ്റ് എൻക്വയറി(നം.35) നൽകിയത് പ്രകാരം 22/463/A,463/Bഎന്നീ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ കുറവ് വന്ന 1232/- രൂപ ഒടുക്കിയതായി(രസീത് നം.119020103724 തീയതി.29.10.2019) അറിയിച്ചു. എന്നാൽ ഒരു ഉദാഹരണം മാത്രമാണ് ഓഡിറ്റ് എൻക്വയറി പ്രകാരം ചൂണ്ടിക്കാട്ടിയത്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>3. കമ്മിറ്റി തീരുമാനമില്ലാതെ വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കുന്നു</u>

വാർഷികധനകാര്യ പത്രിക പ്രകാരം Property tax(Non-Res) ഇനത്തിൽ 1733546/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തിയതിനാലാണ് ഡിമാന്റ് കുറഞ്ഞതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. വസ്തുനികുതി ഡിമാന്റിൽ മാറ്റം വരുത്തുമ്പോൾ 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും, സേവനഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 11, 12 എന്നിവയിൽ അനുശാസിക്കുംപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# 1-15 പെർമിറ്റും ഫിറ്റ്നെസ്സുമില്ലാത്ത കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്നു

2002 മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉറിയാക്കോട്ടുള്ള വിശ്വദർശിനി പബ്ലിക്ക് സ്കൂൾ എന്ന വിദ്യാഭ്യാസസ്ഥാപനത്തിലെ കെട്ടിടങ്ങളുടെ പെർമിറ്റുമായി ബന്ധപ്പെട്ട കേസ് ഫയൽ പരിശോധിച്ചതിൽ പെർമിറ്റോ, ഫിറ്റ്നെസ്സോ ഇല്ലാത്ത കെട്ടിടത്തിലാണ് നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ ബലക്ഷയം സംബന്ധിച്ച് നിരവധി പരാതികളും പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് മറുപടിയായി സ്ഥാപനത്തിന്റെ അഫിലിയേഷന് വേണ്ടി ബഹു. കേരള ഹൈക്കോടതി നിർദ്ദേശപ്രകാരം ആറ് മാസത്തേക്കുള്ള പെർമിറ്റ് മാത്രമേ നൽകിയിട്ടുള്ളുവെന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്ന് അറിയിച്ചു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിനുമേൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ,പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | I &II |
| മിൽക്ക് സൊസൈറ്റി കാട്ടാക്കട | II |
| പൂവച്ചൽ റൂറൽ ഹൗസിംഗ് സൊസൈറ്റി | I &II |
| വീരണക്കാവ് ക്ഷീരോൽപ്പാദക സഹകരണസംഘം | I &II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 43/2019-ന് സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഇൌടാക്കുന്നില്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2018-19സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 295979/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് 2960/-രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 21/19നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കളക്ഷൻ ചാർജ് തുകയീടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും 128467/-രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 20/19) ഫാറവില ലഭ്യമാക്കുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില

ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-19 ബജറ്റ് നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- 02.02.2018 ലെ 7(1)-ാം നം. കമ്മിറ്റി തീരുമാനപ്രകാരം നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഘടകസ്ഥാപനങ്ങൾ ആയത് സമർപ്പിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല
- annexure 3&4 പ്രകാരം സെക്രട്ടറി ബജറ്റ് പ്രൊപ്പോസൽ തയാറാക്കിയിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല.
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല.

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

<u>ബജറ്റ് തയ്യാറാക്കിയതിൽ കാണുന്ന മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു</u>

<u>(എ)ബജറ്റിൽ തുക വകയിരുത്താതെ ചെലവഴിച്ചിരിക്കുന്നു.ഉദാ.</u>

| ഇനം | 2018-19 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് |
|---|---|---|
| 250200401 (ചെറുകിട ജലസേചനം വ്യക്തിഗതം) | - | 438999/- |
| | | |

| | | |
|---|---|---|
| 251100701 (സ്പോർട്സ്) | - | 150000/- |
| 251420201 (അംഗൻവടി അനുബന്ധസൗകര്യങ്ങൾ) | - | 1350250/- |

(ബി)ബജറ്റിൽ വകയിരുത്തിയതിലധികം ചെലവഴിച്ചിരിക്കുന്നു. ഉദാ.

| ഇനം | 2018-19 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് |
|---|---|---|
| 2511001 01 (പ്രീ-പ്രൈമറി വിദ്യാഭ്യാസം) | 500000/- | 530324/- |
| 250200101 (മണ്ണ് ജല സംരക്ഷണം) | 900000/- | 993600/- |
| 250103401 (മൃഗസംരക്ഷണം-കന്നുകുട്ടി പരിപാലനം) | 575000/- | 1051250/- |

(സി) ബജറ്റിൽ തുക വകയിരുത്തിയത് ചെലവഴിക്കുന്നില്ല. ഉദാ.

| ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 250301401 (പരമ്പരാഗത കൈത്തൊഴിലുകൾ) | 250000/- | - |
| 251100801 (യുവജനക്ഷേമം) | 150000/- | - |
| 251200801 (കുടിവെള്ളം) | 1500000/- | - |

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പ്ലാസ്റ്റിക് മാലിന്യ നിർമാർജനം പദ്ധതി നടപ്പാക്കിയത് അഭിനന്ദനാർഹം - തുടർ പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടലുകൾ അനിവാര്യം

സർക്കാരിന്റെ ഹരിത കേരളം മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പ്രദേശത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിനായുള്ള പദ്ധതി ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിച്ചത് അഭിനന്ദനാർഹമാണ്. 23 വാർഡുകളിലും വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം ഹരിതകർമ്മ സേന രൂപീകരിച്ച് ഹരിതസേന മാനേജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനം നടന്ന് വരുന്നു. ഹരിതകർമ്മ സേനയുടെ പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 500000/- രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ആയി വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (സ.ഉ (സാധാ) നം 1391/2018/തസ്വഭവ തീ.19.05.2018). ഓരോ വാർഡിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് രണ്ട് വനിതകൾ വീതവും നാല് മേൽ നോട്ടച്ചുമതലക്കാരേയും തിരഞ്ഞെടുത്തിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന സന്ദേശം ഗ്രാമവാസികളിൽ എത്തിക്കുന്നതും ഹരിതകർമ്മസേനയുടെ കർത്തവ്യങ്ങളിലുൾപ്പെടുന്നു.

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് - ഫർണീച്ചർ മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും സി.എഫ്.സി ഗ്രാന്റ്, വികസന ഫണ്ട് എന്നിവ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ഹരിതകർമസേന വഴി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പട്ടകുളത്ത് സ്ഥിതിചെയ്യുന്ന ഷ്രെഡിംഗ് യൂണിറ്റിൽ എത്തിച്ച് തരംതിരിച്ച് ഷ്രെഡ് ചെയ്ത് സ്റ്റോക്ക് ചെയ്യുന്നു. ഇപ്രകാരം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരളാ കമ്പനി മുഖാന്തിരം വിൽപ്പന നടത്തുന്നു. നാളിതുവരെ ഏകദേശം ഇരുപത് ടൺ പ്ലാസ്റ്റിക് മാലിന്യം ഹരിതകർമസേന വഴി ശേഖരിക്കുകയും 5500കി.ഗ്രാം ഷ്രെഡ് ചെയ്തതിൽ 3700 കി.ഗ്രാം ക്ലീൻ കേരളാ കമ്പനി മുഖാന്തിരം കൈയ്യൊഴിയുകയും ചെയ്തിട്ടുണ്ട്. 3910 കി.ഗ്രാം പ്ലാസ്റ്റിക് ബെയ്ൽ ചെയ്തതിൽ 1910 കി.ഗ്രാം സ്വകാര്യ ഏജൻസി വഴി വിൽപ്പന നടത്തിയതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. (ഓഡിറ്റ് എൻക്വയറി നം. 11/19 25.10.2019). ഈ കണക്കുകൾ സൂചിപ്പിക്കുന്നത് ഷ്രെഡിംഗ് യൂണിറ്റിൽ വലിയ തോതിൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കപ്പെടുകയും എന്നാൽ ടാറിംഗ് പ്രവൃത്തികൾക്കായി വളരെ കുറഞ്ഞ അളവിൽ മാത്രം പുനരുപയോഗിക്കുകയും ചെയ്യുന്നു എന്നതാണ്. ഈ നില തുടർന്നാൽ ഷ്രെഡിംഗ് യൂണിറ്റ് ഭാവിയിൽ പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്ന യാർഡ് ആയി മാറുന്നതിനുള്ള സാഹചര്യം സംജാതമാകുന്നതാണ്. ഈ വിഷയത്തിൽ പ്രതിവിധി കണ്ടെത്തി തുടർ പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ തലത്തിൽ നിർദേശങ്ങളും നടപടികളും ഉണ്ടാകേണ്ടതാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ക്ലീൻ കേരള കമ്പനിയ്ക്ക് റോഡ് ടാറിംഗിനായി ഷ്രെഡഡ് പ്ലാസ്റ്റിക് നൽകിയ വകയിൽ 55721/- രൂപയും ഹരിതകർമസേന മുഖേന വീടുകൾ /കച്ചവട സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ചതിന് യൂസർ ഫീയായി 1520521/- രൂപയും ലഭിച്ചതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ(നം.42/29.10.2019) അറിയിച്ചിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതും തുടർച്ചയായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുമാണ്.

# 1-21 തെരുവ് വിളക്ക് പരിപാലന പദ്ധതികൾ - നിർവ്വഹണം മോണിറ്ററിംഗ് അപാകതകൾ

1. തെരുവ് വിളക്ക് പരിപാലനത്തിന് സാധനസാമഗ്രികൾ വാങ്ങൽ(പ്രോജക്ട് നം. 19/19) :- സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് ലഭിച്ച ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എ ഒൺ എന്ന സ്ഥാപനത്തിന് 24.10.2018 ൽ A3-1020/2018 കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകുകയും തുടർസേവനം, വാറണ്ടി, പരിപാലനം എന്നിവ സംബന്ധിച്ച കരാറിലേർപ്പെടുന്നതിനും ഏഴ് ദിവസത്തിനകം ഗുഡ്സ് സപ്ലൈ ചെയ്യുന്നതിനും നിർദേശം നൽകി. എന്നാൽ തീയതി രേഖപ്പെടുത്താത്ത ബിൽ പ്രകാരം സാധനസാമഗ്രികൾ നൽകിയിരിക്കുന്നു. ആയതിനാൽ ഏഴ് ദിവസ സമയക്രമം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല, കരാറുകാരനും സ്ഥാപനമേധാവിയും സാക്ഷികളും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.. ഉപയോഗശൂന്യമായ ഏതെങ്കിലും ഉപകരണങ്ങൾ മാറ്റി വാങ്ങുന്നതിനോ വാറണ്ടി കാലയളവിൽ തുടർ സേവനമോ മെയിന്റനൻസോ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആയത് ലഭ്യമാകുന്നതിനോ നടപടിക്രമങ്ങളിലെ ഇത്തരം വീഴ്ചകൾ തടസ്സമാകുന്നതാണ്. മാത്രവുമല്ല കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോറുകൾ പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ കരാറുകാരന്റെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ബിൽപ്രകാരം 300 രൂപ നിരക്കിലുള്ള 100 സോഡിയം വേപ്പർ ലാംബുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബില്ലിൽ ഉൾപ്പെടാത്ത 250 വാൾട്ട് ബൾബ് 82 എണ്ണം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

2. തെരുവ് വിളക്ക് മെയിന്റനൻസ് ലേബർചാർജ് നൽകൽ ( പ്രോജക്ട് നം 32/19) :- മേൽ പദ്ധതി പ്രകാരം വാങ്ങിയ സാധനസാമഗ്രികൾ ഉപയോഗിച്ച് അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള ലേബർ ചാർജിനത്തിൽ 400000/- രൂപ എ ഒൺ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. അറ്റകുറ്റ പണികൾക്കായി കരാറുകാരന് കൈമാറിയ സാധനങ്ങളുടെ എണ്ണം, വാർഡ് തിരിച്ച് വിനിയോഗിച്ച സാധനങ്ങളുടെ എണ്ണം, അറ്റകുറ്റ പണികൾ നടത്തിയ പോസ്റ്റുകളുടെ ഐഡന്റിഫിക്കേഷൻ നം, എണ്ണം, മേൽനോട്ടച്ചുമതല വഹിച്ച സമിതിയുടെ റിപ്പോർട്ട് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡ് മെമ്പർമാരും തങ്ങളുടെ വാർഡുകളിൽ അറ്റകുറ്റ പണികൾ നടത്തിയതായി രേഖപ്പെടുത്തിയ പോസ്റ്റുകളുടെ എണ്ണവും കരാറുകാരൻ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന പോസ്റ്റുകളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. ഉപയോഗശൂന്യമായ പഴയ വൈദ്യുതോപകരണങ്ങൾ തിരികെ ഏൽപിച്ചതിന്റെ രേഖകളും ലഭ്യമല്ല.

ചെലവ് തുകയിൽ നിന്നും ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി തൊഴിലാളികളെ ഉപയോഗിച്ച് ചെയ്യപ്പെടുന്ന പ്രവൃത്തിയായതിനാൽ ഇൻകം ടാക്സിന്റെ പരിധിയിൽ വരുന്നില്ല എന്ന് അറിയിച്ചു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തിയിൽ ലേബർ കമ്പോണന്റ് ഉൾപ്പെട്ടിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും ഇൻകം ടാക്സ് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റ് പരിപാലനവുമായി ബന്ധപ്പെട്ട സാധന സാമഗ്രികളുടെ ആവശ്യകത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ കണ്ടെത്തി ആവശ്യമായ തുക വകയിരുത്തുകയും പ്രക്യുർമെന്റ് കമ്മിറ്റി ഉചിതമായ

തീരുമാനം കൈക്കൊണ്ട് പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്. ഒരേ ആവശ്യത്തിന് തന്നെ ഒന്നിലധികം പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. കൃത്യമായ ആസൂത്രണം ഇല്ലാത്തതും, വർക്കിംഗ് ഗ്രൂപ്പിന്റെ (ഊർജ്ജം) പ്രവർത്തനം കാര്യക്ഷമമല്ലാത്തതും, മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവവും തെരുവ് വിളക്ക് പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിൽ കോട്ടം സംഭവിച്ചിട്ടുണ്ട്. പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് നടപ്പ് വർഷത്തിൽ ആകെ രണ്ട് മീറ്റിംഗുകളാണ് നടത്തിയിരിക്കുന്നത് (9.3.18, 2.10.18). ഈ മീറ്റിംഗുകളിൽ തെരുവ് വിളക്ക് പരിപാലന പദ്ധതികളുടെ നടത്തിപ്പ്, നിർവ്വഹണം എന്നിവ സംബന്ധിച്ച് യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-22 ലൈബ്രറി നവീകരണ പദ്ധതി -ചെലവ് തുകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല-നിലവിൽ പ്രവർത്തനരഹിതം

ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതിയ്ക്കായി (140/19) തനത് ഫണ്ടിൽ നിന്നും 125000/- രൂപ വകയിരുത്തിയതിൽ വൗച്ചർ നം. 21801323/7.1.2019 പ്രകാരം 103965/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കി. 'പ്രാച്ച്മെന്റ് ലൈബ്രറി ഓർഗനൈസേഷൻ' എന്ന സ്ഥാപനത്തിന്റെ ടെൻഡർ സ്വീകരിച്ച് സോഫ്റ്റ്വെയർ ഇൻസ്റ്റലേഷൻ, ലൈബ്രറി ഡിജിറ്റൈസേഷൻ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചു. ബിൽ പ്രകാരമുള്ള ചെലവ് തുക ഇൻകം ടാക്സ് കുറയ്ക്കാതെ കരാറുകാരന് നൽകിയിരിക്കുന്നു. ഡാറ്റാ എൻട്രി വർക്കായതിനാലാണ് ഇൻകം ടാക്സ് ഈടാക്കാത്തത് എന്ന വിശദീകരണം സ്വീകാര്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 13/25.10.2019) ഇൻകം ടാക്സ് ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

എണ്ണായിരത്തിൽ പരം പുസ്തകങ്ങൾ സ്റ്റോക്കിലുള്ള ലൈബ്രറി വിദ്യാർത്ഥികളും പൊതുജനങ്ങളും റഫറൻസിനായി പ്രയോജനപ്പെടുത്തി വന്നിരുന്നുവെങ്കിലും 31.08.2019 മുതൽ ലൈബ്രറി പ്രവർത്തിക്കുന്നില്ല. നിലവിലുണ്ടായിരുന്ന ലൈബ്രേറിയനെ സസ്പെന്റ് ചെയ്തതായും പുതിയ ലൈബ്രേറിയനെ നിയമിക്കുന്ന മുറയ്ക്ക് പ്രവർത്തനം പുനസ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തനം പുനരാരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾലഭ്യമാക്കുന്നില്ല.

സർക്കുലർ നം.1/1559/2010/സിഇ/ത.സ്വ.ഭ.വ/തീയതി13.11.2014 പ്രകാരം ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികളുടെ വരവ് ചെലവ് രേഖകൾ സമിതികൾ ഹാജരാക്കിയിട്ടില്ല.

| | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 1. | കാവുവിള ക്ഷേത്രം സമീപം കലുങ്ക് നിർമ്മാണം( 192/2019) | 29755/- |

| | | |
|---|---|---|
| 2 | കുളവുപാറ അംഗനവാടി (79-ാം നമ്പർ) മെയിന്റനൻസ്-(195/2019 | 161133/- |

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ, തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ, വൗച്ചറുകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇത് കൺവീനർക്ക് അധിക ആനുകൂല്യം ലഭിക്കാൻ ഇടയാക്കിയേക്കാം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.ഈ അപാകത ഓഡിറ്റ് എൻക്വയറി നം 25/19 ലൂടെ നിർവഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-24 അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു.

ധനകാര്യ വകുപ്പിന്റെ (ഇൻസ്പെക്ഷൻ വിഭാഗം-സാങ്കേതികം)20/07/2016 ലെ സർക്കുലർ നം. 16/2016 അനുസരിച്ച് റോഡുകളുടെ സബ് ബേസ്/ബേസ് കോഴ്സ് എന്നിവ ചെയ്യാൻ Wet Mix Mecadam ഉപയോഗിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പുതുതായി ഒരു റോഡ് മെറ്റൽ ചെയ്യേണ്ട സാഹചര്യത്തിലാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ MoRD Specification അനുസരിച്ച് Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ fresh tarring പ്രവൃത്തികളിൽ മാത്രമാണ് ഉപയോഗിക്കേണ്ടത്.റീ ടാറിംഗ് പ്രവൃത്തികളിൽ ഈ ഇനങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. റീ ടാറിംഗ് പ്രവൃത്തികളിൽ pot hole filling/penetration mecadam (ടാർ ഉപയോഗിച്ച്) നടത്തിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്.എന്നാൽ ഓണംകോട് മണ്ണാംവിള റീ ടാറിംഗ് (പദ്ധതി നം 103/19) എന്ന പ്രവൃത്തിയിൽ അനുവദനീയമല്ലാത്ത ഇനങ്ങളായ Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചുവടെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

1.WMM ഉപയോഗിച്ചത്=34.875m3

തുക നൽകിയത്-33.75m3@2680.37/-m3=90462-48/-

2.Prime coat ഉപയോഗിച്ചത്-300m2

തുക നൽകിയത്=300m2@57.73/m2=17319/-

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് കാലവർഷ കെടുതിയിൽ പ്രസ്തുത റോഡിന്റെ മെറ്റൽ ഒലിച്ചുപോയ സ്ഥിതിയിലായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.എന്നാൽ ഈ വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.നിർവഹണം നടത്തേണ്ട പ്രവൃത്തി സംബന്ധിക്കുന്ന പൂർണമായവിവരം എസ്റ്റിമേറ്റ്

റിപ്പോർട്ടിൽ ചേർക്കേണ്ടതും ആയതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കേണ്ടതും അധികച്ചെലവുണ്ടാകുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. 2018-19-ൽ ആകെ 52പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ 20-12-2018-ലെ വിവിധ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം 10 പദ്ധതികൾ റിവൈസ് ചെയ്തിട്ടുണ്ട്. കൂടാതെ 22/10/18,14/02/19,31/01/19,11/12/18 എന്നീ തീയതികളിലും പദ്ധതികൾ റിവൈസ് ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു.തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു.ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്. ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾരൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-26 നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

1. പള്ളിനട ഉരുവിലാംകോട് തണ്ണിച്ചാംകുഴി റോഡ് സൈഡ് ഓട നിർമ്മാണം.

2. കുഴലാർ ഓട,കവറിംഗ് സ്ലാബ് നിർമ്മാണം

3. മാർക്കറ്റ് വാർഡിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ/മീറ്റർ സ്ഥാപിക്കൽ

4. പൂവച്ചൽ ഗ.വ.യു.പി.എസിൽ ഗേറ്റ് നിർമ്മാണം

5. പൂവച്ചൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

6. ഹോമിയോ ആശുപത്രിക്ക് വേണ്ടിയുള്ള സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മാണം

7. പഞ്ചായത്ത് ആഫീസ് സമുച്ചയം നവീകരണം

8. കൈതക്കോണം-ഉദിയന്നൂർ റോഡ് കോൺക്രീറ്റ്.

നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 38 ന് മറുപടി ലഭ്യമാക്കിയില്ല. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

# 1-27 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മെച്ചപ്പെടണം.

2018-19 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 30-01-18 ലും 09-03-18 ലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. കൂടാതെ 02/10/18, 26/11/18, 04/12/18 എന്നീ തീയതികളിലും മറ്റ് യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല.സർക്കാർ ഉത്തരവ്(കൈ നം 11/2018 ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

# 1-28 വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്

30-01-18, 09-03-18 എന്നീ തീയതികളിൽ യോഗം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കൈക്കൊണ്ട നിർദ്ദേശങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. യഥാക്രമം 9,8 അംഗങ്ങൾ വീതം ഈ രണ്ടു യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. 09-03-18 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം 8 റോഡ് പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ട്.എന്നാൽ സ്പിൽ ഓവർ ഉൾപ്പെടെ റോഡ് പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച 8 ശുപാർശകളും പദ്ധതികളായി പരിണമിച്ചില്ല. മറ്റ് തീയതികളിലെ തീരുമാനങ്ങൾ പദ്ധതികളായി മാറിയിട്ടുണ്ട്.ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പദ്ധതികളായി മാറിയിട്ടില്ല.

1.പുന്നാംകരിക്കകം മുതൽ കളിയൽ നട വരെ റോഡ് പുനരുദ്ധാരണം.

2.വേങ്ങവിള വഴുതനമുകൾ റോഡ് പുനരുദ്ധാരണം.

3.കളിയൽ മുതൽ മുള്ളമൂട് വരെ നടപ്പാത കോൺക്രീറ്റ്.

4.പന്തടിക്കുളം ഇറയംകോട് റോഡ് പുനരുദ്ധാരണം.

5.പുളിങ്കോട് വാർഡിൽ ശാസ്താംകോണത്ത് നടപ്പാലം നിർമ്മിക്കുക.

6.ശാസതാംകോണം വടക്കേക്കര തടം കോൺക്രീറ്റ് ചെയ്യുക.

7.പരുത്തിക്കോട്കോണം മുതൽ കുറക്കോണം വരെ തടം കോൺക്രീറ്റ്.

8.പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ദിശാബോർഡുകളും വാർത്താബോർഡുകളും സ്ഥാപിക്കുക.

പദ്ധതി രൂപീകരണത്തിൽ നിർണായക പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ തൻവർഷം പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.പദ്ധതി രൂപീകരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതും ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-29 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിവേണം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ 40% ൽ അധികം പ്രവൃത്തികളും റോഡ് പ്രവൃത്തികളാണ്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22/19) ന് ഇവ തയ്യാറാക്കിയിട്ടില്ല എന്നും നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുമെന്നമാണ് മറുപടി ലഭ്യമാക്കിയത്.റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 കാർഷികമേഖലയിലെ പ്രോജക്ടുകൾ- ലക്ഷ്യപ്രാപ്തി വിലയിരുത്തേണ്ടതാണ്

<u>1. പ്രോജ.നം. 57/19 (വിത്ത്ബാങ്ക്)</u>

പരമ്പരാഗത പച്ചക്കറി ഇനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിത്ത് ഉൽപാദിപ്പിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഇതിലേക്കായി നാടൻവിത്തിനങ്ങൾ ഗുണഭോക്താക്കൾ സ്വന്തമായി സംഭരിക്കേണ്ടതും തുടർന്ന് ഉല്പാദിപ്പിക്കുന്ന വിത്തുകൾ മറ്റ് കർഷകർക്ക് കുറഞ്ഞനിരക്കിൽ വിതരണം ചെയ്യേണ്ടതുമാണ്.

ഫയൽ പരിശോധിച്ചതിൽ പത്ത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് 15000/- രൂപ (വിത്ത്, ജൈവവളം, കൂലിചെലവ്, ജൈവകീടനാശിനി എന്നിവയുടെ സബ്സിഡി തുക) വീതം ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമാണുള്ളത്. പ്രോജക്ട് പ്രകാരം സഹായം ലഭിച്ച ഗുണഭോക്താക്കൾ തുടർന്ന് പരമ്പരാഗത പച്ചക്കറി വിത്തുകൾ

ഉൽപ്പാദിപ്പിച്ചതിന്റേയോ, അവ മറ്റ് കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിതരണം നടത്തിയതിന്റേയോ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിത്ത് ബാങ്ക് എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നത് വിലയിരുത്താൻ സാധിച്ചിട്ടില്ല

<u>2. പ്രോജ.നം. 145/19 (ഇഞ്ചി കൃഷി)</u>

ഗ്രാമപഞ്ചായത്തിലെ അഞ്ച് ഹെക്ടർ സ്ഥലത്ത് ഇഞ്ചികൃഷി വ്യാപിപ്പിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. എന്നാൽ ഇതിലേക്കായി ഗുണഭോക്താക്കൾക്ക് ഇഞ്ചി തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിനുപകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക (ഒരു യൂണിറ്റിന് 240/- രൂപ നിരക്കിൽ ഒരു ഗുണഭോക്താവിന് പരമാവധി 1200/- രൂപ)കൈമാറുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ ഇഞ്ചികൃഷി ചെയ്യുന്ന കർഷകർക്ക് ധനസഹായം നൽകുക എന്നതിലുപരി കൂടുതൽ സ്ഥലത്തേക്ക് ഇഞ്ചികൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യം പ്രോജക്ടിലൂടെ കൈവരിച്ചിട്ടുണ്ടോയെന്നതിന് വ്യക്തതയില്ല.

ഓഡിറ്റ് എൻക്വയറിക്ക്(നം.39) മറുപടിയായി തുടർവർഷങ്ങളിൽ ഇക്കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

# 1-31 ഹോളോബ്രിക്സ് യൂണിറ്റിന് മെഷിനറി വാങ്ങി നൽകൽ - പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും അപാകതകൾ- നാളിതുവരെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചില്ല.

ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സൗജന്യമായി ഹോളോബ്രിക്സ് നിർമ്മിച്ച് നൽകുന്നതിനുള്ള യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് മെഷിനറി വാങ്ങി നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 200000/- രൂപ വകയിരുത്തി പദ്ധതി (232/19) രൂപീകരിച്ചു. 16.6.2018 ൽ സാങ്കേതികാനുമതി ലഭിക്കുകയും 26.9.2018 ൽ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമുണ്ടാവുകയും ചെയ്തു. എ1 ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ സ്വീകരിക്കുകയും 7.11.2018 ൽ ആവശ്യമായ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്താതെ കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഈ ഘട്ടത്തിലാണ് മെഷിനറി യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ മുഴുവൻ ഉപകരണങ്ങളും വാങ്ങുന്നതിന് വകയിരുത്തിയ തുക മതിയാകില്ല എന്ന് കണ്ടെത്തി 31.01.2019 ൽ പദ്ധതി റിവൈസ് ചെയ്യുന്നത്. വികസന ഫണ്ടിൽ നിന്നുമുള്ള 200000/- രൂപയുടെ കൂടെ തനത് ഫണ്ടിൽ നിന്നും 900000/- രൂപ വകയിരുത്തി, ആകെ 660800/- രൂപ ചെലവഴിച്ചു. (ബിൽ നം. 1318214/7.3.2019 200000/-രൂപ, വൗച്ചർ നം 21801781/13.3.2019 460800/-രൂപ). തുടർന്ന് വൈദ്യുതി കണക്ഷനുള്ള നടപടികൾ സ്വീകരിക്കുകയും യൂണിറ്റ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 298 ഗുണഭോക്താക്കളിൽ 103 ഗുണഭോക്താക്കൾ ഈ കാലയളവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും മറ്റ് ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്.

ഈ സാഹചര്യങ്ങളിലും നാളിതുവരെ ഹോളോബ്രിക്സ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിന്

മറുപടിയായി പ്രസ്തുത യൂണിറ്റ് കുടുംബശ്രീയ്ക്ക് കൈമാറി പ്രവർത്തനം നടത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

യൂണിറ്റിന്റെ പ്രവർത്തനവും യന്ത്രസാമഗ്രികളുടെ ആവശ്യകതയും കൃത്യമായി മനസ്സിലാക്കാതെയും വിലയിരുത്താതെയും പദ്ധതി രൂപീകരിച്ചതിനാലും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ലാത്തതിനാലും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ലൈഫ് ഗുണഭോക്താക്കൾക്ക് സർക്കാർ വിഭാവനം ചെയ്ത ആനുകൂല്യവും പരിഗണനയും ലഭിക്കാതിരുന്നത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി കണക്കാക്കുന്നു. നിർമ്മാണം പൂർത്തീകരിച്ച ഹോളോബ്രിക്സ് യൂണിറ്റ് എത്രയും വേഗം പ്രവർത്തനം ആരംഭിച്ച് ലൈഫ് ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കേണ്ടതാണ്.

## 1-32 കുടിവെള്ള പദ്ധതികൾ - ചെലവഴിക്കാത്ത ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കേണ്ടതാണ്

<u>പ്രോജക്ട് നം 180/19 പാലേലി ഉദിയന്നൂർ നാവെട്ടിക്കോണം - കുടിവെള്ള പൈപ്പ് ലൈൻ ഒന്നാം ഘട്ടം</u>

അടങ്കൽ 715660 സി എഫ് സി ഗ്രാന്റ്

ചെലവ് തുക 692145/- ബിൽ നം 341648/19.7.2018

<u>പ്രോജക്ട് നം 221/19 പാലേലി ഉദിയന്നൂർ നാവെട്ടിക്കോണം - കുടിവെള്ള പൈപ്പ് ലൈൻ രണ്ടാം ഘട്ടം</u>

അടങ്കൽ 863652/- വികസന ഫണ്ട്

336348/- സി എഫ് സി ഗ്രാന്റ്

ആകെ 1200000/-

ചെലവ് 863652/- ബിൽ നം 801970/15.11.2018

336348/- ബിൽ നം 801974/15.11.2018

ആകെ 1200000/-

നിർവ്വഹണം – സെക്രട്ടറി

പാലേലി ഉദിയന്നൂർ നാവെട്ടിക്കോണം കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് അരുവിക്കര വാട്ടർ അതോറിറ്റിയ്ക്ക് മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 1892145/- രൂപയും 2017-18 ലെ പ്രോജക്ട് (271/18) പ്രകാരം 807855/- രൂപയും ഉൾപ്പെടെ ആകെ 2700000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ 30.4.2019 തീയതിയിലെ ധനവിനിയോഗ സാക്ഷ്യപത്രം, 15.7.2019 ലെ KWA/HWD/AB2-79/2019 നം കത്ത് പ്രകാരം ലഭ്യമാക്കിയതിൽ 1500000/-രൂപ ഈ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്തതായും 1254305/- രൂപ ചെലവായതായും, 245695/- നീക്കിയിരിപ്പുള്ളതായും അറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിൽ ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1200000/-രൂപ വാട്ടർ അതോറിറ്റിക്ക് ലഭിച്ചതിന്റെയോ, പദ്ധതിയ്ക്ക് വിനിയോഗിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അരുവിക്കര വാട്ടർ അതോറിറ്റിക്ക് രണ്ട് വർഷങ്ങളിലുമായി ട്രഷറി ഓൺ ലൈൻ സംവിധാനം മുഖേന 2700000/- രൂപ നൽകിയിട്ടുണ്ടെന്നും പദ്ധതി അവസാനഘട്ടത്തിലാണെന്നും പൂർത്തീകരിച്ചാൽ മാത്രമേ ബാലൻസ് തുകയുടെ വിവരം അറിയാൻ സാധിക്കുകയുള്ളൂ എന്നും പൂർണമാകുന്നതിന് മുൻപ് നീക്കിയിരിപ്പ് തുക സംബന്ധിച്ച അനുമാനത്തിൽ എത്തിച്ചേരുന്നത് ഉചിതമല്ല എന്നും അറിയിച്ചു. ഈ പ്രസ്താവനയ്ക്ക് വിരുദ്ധമായാണ് മേൽ സൂചിപ്പിച്ച പ്രകാരം വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരിക്കുന്നത്.

ആയതിനാൽ ഈ പദ്ധതിയ്ക്കായി നൽകിയ തുയുടെ കൃത്യത വാട്ടർ അതോറിറ്റിയെ ബോധ്യപ്പെടുത്തിയും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ച പ്രവൃത്തികൾ നേരിട്ട് പരിശോധിച്ചും ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെടുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി 2700000/- രൂപ പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തെങ്കിലും 1500000/- രൂപ ലഭിച്ചതായും, 245695/- നീക്കിയിരിപ്പുള്ളതായും ധനവിനിയോഗ സാക്ഷ്യപത്രത്തിൽ അറിയിച്ചിരിക്കുന്നതിനാൽ 1200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. നീക്കിയിരിപ്പായ 245695/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 സ്പീച്ച് ബിഹേവിയർ ഓക്കുപ്പേഷൻ തെറാപ്പി- അംഗീകാരം ലഭിച്ചതിനനുസരിച്ച് നടപ്പാക്കിയില്ല

പ്രോജ.നം. 135/19 (സ്പീച്ച് ബിഹേവിയർ ഓക്കുപ്പേഷൻ തെറാപ്പി)

അടങ്കൽ - 100000/- (വികസനഫണ്ട് (പൊതുവിഭാഗം) )

ചെലവ് - 100000/- (ബിൽ നം.12/ICDS തീയതി.15.12.18-23800/-,

20/ICDS തീയതി.4.2.19-21000/-

22/ICDS തീയതി.5.2.19-26700/-

29/ICDS തീയതി.23.3.19-28500/-) )

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അംഗൻവാടി മുതൽ 4-ാം ക്ലാസ് വരെ പഠിക്കുന്നതും സംസാരവൈകല്യമുൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യങ്ങളുള്ളതുമായ കുട്ടികൾക്കാവശ്യമായ ചികിത്സ നൽകുന്നതിനാണ് പ്രോജക്റ്റ് തയാറാക്കിയിട്ടുള്ളത്. ഇതിലേക്കായി ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ സ്പെഷ്യലിസ്റ്റുകളായ സ്പീച്ച് ലാംഗ്വേജ് പാതോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം മാസത്തിൽ രണ്ടുതവണയെങ്കിലും ലഭ്യമാക്കാനാണ് അംഗീകാരം ലഭിച്ചിരുന്നത്.

എന്നാൽ ചികിത്സ ആവശ്യമായ 20 കുട്ടികൾക്ക് തെറാപ്പിനൽകാൻ യോഗ്യതയുള്ള തെറാപ്പിസ്റ്റിനെ പഞ്ചായത്തിൽ കണ്ടെത്തുന്നതിന് സാധിക്കാത്തതിനാൽ അനന്തപുരി ചൈൽഡ് ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനത്തിൽ എത്തിച്ച് ചികിത്സ നൽകാൻ രക്ഷകർത്താക്കൾക്കുള്ള യാത്രാപ്പടി, സ്ഥാപനത്തിനുള്ള തുക നൽകൽ എന്നിങ്ങനെ പ്രോജക്ട് നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി (26.09.2018 തീയതിയിലെ 1(12) തീരുമാനം). ഇതനുസരിച്ച് 19 കുട്ടികളുടെ ലിസ്റ്റ് പ്രസ്തുത സ്ഥാപനത്തിന് നിർവ്വഹണോദ്യോഗസ്ഥ നൽകിയിട്ടുണ്ട് (7.11.2018-ലെ ICDS-22/18 നം. കത്ത്). സ്ഥാപനം ഓരോ മാസവും ലഭ്യമാക്കുന്ന വൗച്ചറിന്റെ അടിസ്ഥാനത്തിൽ ഒരു കുട്ടിയുടെ ഒരു സിറ്റിംഗിന് 300/- രൂപ എന്ന നിരക്കിൽ തുക സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്(2018നവമ്പർ മാസം മുതലുള്ള വൗച്ചർ). പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെറാപ്പി ആവശ്യമായ കുട്ടികളെ കണ്ടെത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കേണ്ടതാണെന്നും, ആവശ്യമെങ്കിൽ ഒന്നിലധികം പഞ്ചായത്തുകളെ ഏകോപിപ്പിച്ച് സേവനം ലഭ്യമാക്കുന്ന ഒരു സെന്ററായിട്ടാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ വിഭാവനം ചെയ്യുന്നതെന്നും, പങ്കെടുക്കുന്ന കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ്സ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങളൊന്നും പാലിച്ചല്ല പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. തെറാപ്പി പരിശീലനം ലഭിച്ചവരുടെയും, ഈ മേഖലയിലുള്ള സ്ഥാപനങ്ങളുടെയും കുറവ് കാരണമാണ് ഗ്രാമപഞ്ചായത്ത് തലത്തിലോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലോ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി (ഓഡിറ്റ് എൻക്വയറി നം.1).
2. അനന്തപുരി ചൈൽഡ് ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനത്തെ പ്രോജക്ട് നടപ്പാക്കാനായി തെരഞ്ഞെടുത്തത് ക്വട്ടേഷൻ മുഖേനയാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ.1), ഇതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.
3. ചികിത്സ ആവശ്യമായ കുട്ടികളെ മെഡിക്കൽ ക്യാമ്പ് നടത്തിയാണ് (പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച്) തെരഞ്ഞെടുത്തതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മറുപടിയോടൊപ്പം 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ ലിസ്റ്റാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്.
4. കുട്ടികളുടെ അറ്റൻഡൻസ് ഉറപ്പാക്കുകയോ, മോണിറ്ററിംഗ് നടത്തുകയോ ചെയ്യാതെ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം തുക കൈമാറുകമാത്രമാണ് ചെയ്തിരിക്കുന്നത്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-34 പകൽവീട് കെയർ ടേക്കർമാർക്ക് അധികവേതനം നൽകി

ഗ്രാമപഞ്ചായത്തിലെ രണ്ട് പകൽവീട്ടിലെ ജീവനക്കാർക്ക് അധിക വേതനം നൽകിയതു വഴി 24,000/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3.1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-35 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതി - നടപടിക്രമങ്ങളിൽ വീഴ്ച

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് 4 പദ്ധതികൾ വി.ഇ.ഒ (വീരണകാവ് സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവ്വഹിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി നം. | വിഭാഗം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|---|
| 1 | വാസയോഗ്യമല്ലാത്ത വീടുകൾവാസയോഗ്യമാക്കൽ | 29/18-19 | എസ്.സി.പി | 1950000 | 1800000 |
| 2 | -ടി- | 30/18-19 | ജനറൽ | 2300000 | 2225000 |
| 3 | -ടി- | 119/18-19 | റ്റി.എസ്.പി | 300000 | 225000 |
| 4 | -ടി- | SO181/18-19 | എസ്.സി.പി | 375000 | 300000 |

മേൽ പദ്ധതികൾ പ്രകാരം പൊതുവിഭാഗത്തിന് 1,00,000/-രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 1,50,000/-രൂപ വീതവും ധനസഹായം നൽകിയിരിക്കുന്നു. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് മാത്രമാണ് തുക അനുവദനീയം. എസ്റ്റിമേറ്റ് കെട്ടിട ഉടമസ്ഥൻ തയ്യാറാക്കേണ്ടതും എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ചശേഷം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടതുമാണ്. കരാറിൽ ഏർപ്പെട്ടതിനുശേഷം 50% തുക മുൻകൂറായി ഭാര്യയുടേയും ഭർത്താവിൻെറയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് നൽകണം. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു (സ.ഉ.(കൈ)നം.22/2018/തസ്വഭവ,തീയതി 14.02.2018). 8 വർഷം കാലപ്പഴക്കം ഇല്ലാത്ത വീടുകൾക്ക് ഈ ധനസഹായത്തിന് അർഹതയില്ല.

ധനസഹായത്തിന് ആവശ്യമായ അനുബന്ധരേഖകളായ വരുമാന സർട്ടിഫിക്കറ്റ്, കരംതീർത്ത രസീത്, റേഷൻ കാർഡിന്റെ പകർപ്പ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പല ഗുണഭോക്താക്കളുടെ ഫയലുകളിലും ലഭ്യമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് മാർഗ്ഗരേഖക്ക് വിരുദ്ധമായി എൽ.എസ്.ജി.ഡി ഓവർസിയർ ആണ്. അപാകതകൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (7/18-19,24.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം സർക്കാർ മാർഗ്ഗരേഖക്ക് അനുസൃതമായി നടപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. വികസന/ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-36 85-ാം നമ്പർ അംഗൻവാടി പ്രവർത്തനം ആരംഭിച്ചില്ല.

സ ഉ (സാധാ) നം 485/2014 സാനീവ , 5.8.2014 പ്രകാരം സാമൂഹ്യ നീതി വകുപ്പിൽ നിന്നും അംഗൻവാടി നിർമ്മാണത്തിന് 1166000/- രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ചായ്ക്കുളം വാർഡിൽ 85-ാം നമ്പർ അംഗൻവാടി നിർമ്മിക്കുന്നതിന് തുക പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന് കൈമാറി. നിർമ്മാണ വേളയിൽ അധിക

ചെലവ് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും 255000/- രൂപ 259/19-ാം നമ്പർ പദ്ധതി പ്രകാരം ചലാൻ നമ്പർ 27/27.2.2019 മുഖേന പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന് കൈമാറി. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ അംഗൻവാടി വളരെ അസൗകര്യങ്ങളുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തി. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രദേശവാസികളായ കുഞ്ഞുങ്ങളുടെ സാമൂഹിക ഉന്നമനത്തിന് മികച്ച രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തലവും ഉറപ്പാക്കേണ്ടതിന് അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

# 1-37 മാർഗരേഖയിൽ ഇല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നു

**1. സിവിൽ സർവ്വീസ് കോഴ്സിന് പരിശീലനം നൽകൽ**

പ്രോജക്ട് നം- 35/19

അടങ്കൽ തുക – 2,50,000/- (തനത് ഫണ്ട്)

നിർവ്വഹണം – എച്ച്.എം

ചെലവ് തുക – 50,000/-

ചെക്ക് നം./തീ.2364913/25.03.19

**2. സിവിൽ സർവ്വീസ് കോഴ്സിന് പരിശീലനം നൽകൽ(സ്പിൽ ഓവർ)**

പ്രോജക്ട് നം- 210/19

നിർവ്വഹണം – എച്ച്.എം

അടങ്കൽ തുക – 1,50,000/- (തനത് ഫണ്ട്)

ചെലവ് തുക – 1,50,000/-

ചെക്ക് നം./തീ.- 150343/29.06.18 -50,000/-

2371476/26.11.18 -50,000/-

2351924/25.01.19 -50,000/-

8,9,10,11,12 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്ക് (ഒരു വർഷം 50 ക്ലാസ്സുകൾ വീതം) സിവിൽ സർവ്വീസ് കോഴ്സിന് പരിശീലനം നൽകിയതിന് 1, 2 പ്രോജക്ടുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**3. വീട്ടിലൊരു ഗ്രന്ഥപുര**

പ്രോജക്ട് നം - 41/19

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം

അടങ്കൽ തുക – 3,00,000/- (തനത് ഫണ്ട്)

ചെലവ് തുക – 224350/-

ചെക്ക് നം./തീ.2364913/25.03.19

ഒരു കുട്ടിക്ക് 350/-രൂപ പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃവിഹിതമായി 350/- രൂപയും ചേർത്ത് പ്രസാധകരിൽ നിന്നും 30% കമ്മീഷൻ തുക ഉറപ്പുവരുത്തി പഞ്ചായത്ത് സംഘടിപ്പിക്കുന്ന പുസ്തകമേളയിൽ നിന്നും കുട്ടികൾക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ 1000/- രൂപയ്ക്ക് തെരഞ്ഞെടുക്കുന്നു.5 വർഷം കൊണ്ട് ഒരുകുട്ടിക്ക് 5000/- രൂപയുടെ പുസ്തകങ്ങൾ ലഭിക്കും.അങ്ങനെ വായനശീലം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതി നിർവ്വഹണത്തിനായി നിർദ്ദേശിച്ചിട്ടുള്ള സഉ(കൈ)നം11/2018/ത.സ്വ.ഭ.വ, തീ.20.01.18 , സഉ(കൈ)നം22/2018/ത.സ്വ.ഭ.വ, തീ.14.02.18 എന്നിവ പ്രകാരമുള്ള ഉത്തരവുകളിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മേൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവുകൾ/അനുമതി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം 32/2019 പ്രകാരം ആരാഞ്ഞിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ നൂതന പ്രോജക്ടുകൾ എന്ന നിലയിൽ അംഗീകാരം വാങ്ങി നടപ്പിലാക്കി എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അനുമതി സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. ഇത്തരത്തിൽ നൂതന പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-38 മെഡിക്കൽ ക്യാമ്പ്,പ്രതിരോഗ കുത്തിവയ്പ്- പദ്ധതികളുടെ ചെലവിൽ വ്യക്തതയില്ല-ചെലവ് തുക 2,47,107/- രൂപ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1 (എ).മെഡിക്കൽ ക്യമ്പ് ആർ.സി.സി-പ്രോജ.നം.9/18-19</u>

അടങ്കൽ തുക 150000/- ചെലവ് തുക 128912/-

ബിൽ നം.36/18-19,20.03.19

22/18-19,22.12.18

<u>2. (ബി)മെഡിക്കൽ ക്യമ്പ് ആർ.സി.സി-പ്രോജ.നം.S0199/18-19</u>

അടങ്കൽ തുക 7895/- ചെലവ് തുക7895/-

ബിൽ നം.14/18-19,23.10.18

മേൽ പദ്ധതികൾ മുഖേന നടത്തിയ ക്യാമ്പ് പ്രവർത്തനങ്ങൾക്ക് വ്യക്തമായ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആർ.സി.സി- യ്ക്ക് നൽകിയ ലാബ് പരിശോധന ചാർജ്ജ്,നോട്ടീസ്,ബാനർ,ഹോണറേറിയം,ഭക്ഷണം

എന്നിവക്ക് തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽക്യമ്പ് തീയതി, പങ്കെടുത്തവരുടെ വിശദാംശങ്ങൾ മറ്റ് അനുബന്ധ ചെലവ് രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല.

<u>3. (എ)പ്രതിരോധ കുത്തിവയ്പ്പ് SO201/18-19</u>

അടങ്കൽ 37600 ചെലവ് 37600/-

ബിൽ നം.2/18-19,18.05.18

<u>4. (ബി)പ്രതിരോധ കുത്തിവയ്പ്പ് 63/18-19</u>

അടങ്കൽ 100000 ചെലവ് 72700/-

ബിൽ നം.4/18-19,24.07.18 19000/-

26/18-19,17.01.19 5000/-

11/18-19,19.9.18 8000/-

17/18-19,24.11.18 6000/-

19/18-19,17.12.18 5000/-

29/18-19,14.2.19 5000/-

30/18-19,27.2.19 5000/-

15/18-19,23.10.18 13700/-

9/18-19,17.8.18 6000/-

മേൽ പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പൊതുജനാരോഗ്യ സംരക്ഷണം, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണം എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി പ്രകാരം വിവിധ സ്ഥലങ്ങൾ സന്ദർശിച്ചുള്ള പരിശോധനയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. ചെലവ് രേഖകളും, ഗുണഭോക്താക്കളുടെ ലിസ്റ്റും ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (33/18-19) മറുപടിയിൽ ക്യാമ്പുകളിലും പ്രതിരോധ കുത്തിവയ്പ്പിനും പങ്കെടുത്തവരുടെ ലിസ്റ്റ് ലഭ്യമാക്കുന്ന എന്നറിയിച്ചെങ്കിലും ലഭ്യമാക്കിയില്ല. മറ്റ് ചെലവ് വിവരങ്ങളും ലഭ്യമാക്കിയില്ല.

വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതികളുടെ ചെലവ് തുകയായ (128912 + 7895 + 37600 + 72700) 2,47,107/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.മതിയായ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ്- ഇമേജ് റൂം

## പ്രവർത്തന സജ്ജമാക്കേണ്ടതാണ്

പദ്ധതി നം. 128/18-19

അടങ്കൽ തുക 150000

ചെലവ് തുക 74866

ബിൽ നം. & തീയതി 21/18-19,22.02.19 തുക 25366/-

34/18-19,20.03.19 തുക 49500/-

ഫണ്ടിനം - വികസന ഫണ്ട്

നിർവ്വഹണം മെഡിക്കൽ ഓഫീസർ – പി.എച്ച്.സി

ആശുപത്രി മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ഇമേജ് റൂം നിർമ്മിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. രേവതി എഞ്ചിനീയറിംഗ് വർക്സ് , ദേവ ഫർണിച്ചർ, പോപ്പുലർ ഇൻഡസ്ട്രീസ് എന്നീ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത രേവതി എഞ്ചിനീയറിംഗ് വർക്സിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി എച്ച്.എം.സി ക്ക് 9279/-, തിരുവാതിര ഓഫ് സെറ്റ് - 8848/-,കെം ബയോ സിസ്റ്റം – 7239/- എന്നിങ്ങനെ യഥാക്രമം തുക നല്കിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച യാതൊരു രേഖയും പദ്ധതി ഫയലിൽ ലഭ്യമല്ല. സ്ഥല പരിശോധനയിൽ ഇമേജ് റൂം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാത്ത നിലയിലാണ് കാണാൻ കഴിഞ്ഞത്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനുള്ള തുടർനടപടികൾ ഭരണസമിതി സ്വീകരിച്ച് പദ്ധതിയുടെ ഗുണം പി.എച്ച്.സി ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 2018-19 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനത്തിലെ അപാകങ്ങൾ

പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി 29.10.2015-ൽ സ.ഉ (സാ.ധാ) നം.3217/2015 നമ്പരായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ ചേർത്തിരിക്കുന്നവ പാലിച്ചിട്ടില്ലാത്തതാണ്.

1-ാം ഖണ്ഡിക 2.3.2 പ്രകാരം രൂപീകരിച്ച പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം ഒരു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളു.

**2.** പാലിയേറ്റീവ് കെയർ ആവശ്യമുള്ള വ്യക്തികളുടെ പേരുകളടങ്ങിയ നോമിനൽ രജിസ്റ്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. (ഖണ്ഡിക 2.5.6).

**3.** ഖണ്ഡിക 2.6.2 (4),(5),(6) എന്നിവ പ്രകാരം ആയുർവേദ, ഹോമിയോ ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാരീതികളുമായി ബന്ധപ്പെട്ട ചികിത്സ ലഭ്യമാക്കുന്നുണ്ടോ എന്നതിന് ചികിൽസ നൽകുന്നു എന്നാണ് മറുപടിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

**4.** ഖണ്ഡിക 2.6.12 പ്രകാരം തൊഴിൽപരമായ പുനരധിവാസത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5.** ഖണ്ഡിക 2.6.13 പ്രകാരം ബോധവത്ക്കരണത്തിനായി വാർഷിക സംഗമം നടത്തേണ്ടതും ചെലവ് പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

**6.** പ്രകാരം സംഘടനകളുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**7.** ഖണ്ഡിക 2.6.5 (v) പ്രകാരം 30.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം 170/07/തസ്വഭവ അനുസരിച്ചാണ് വാഹനം പരിപാലിക്കേണ്ടത്.

**a)** ഓരോ അർദ്ധവാർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധവർഷത്തിൽ പെട്രോൾ, ഓയിൽ, ടയർ, ട്യൂബ്, ബാറ്ററി, സ്പെയർ പാർട്സ്, റിപ്പയർ, സർവ്വീസിംഗ് തുടങ്ങിയവയ്ക്കുണ്ടായ ചെലവ് സംബന്ധിച്ച് വാഹനത്തിന്റെ കസ്റ്റോഡിയൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**b)** ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്.

**c)** ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ -

**i)** കസ്റ്റോഡിയന്റെയോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാനിദ്ധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണമായും ഇന്ധനം നിറയ്ക്കേണ്ടതാണ്.

**ii)** ഇന്ധനം നിറച്ച തീയതി, ആകെ ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

**d)** അടിയന്തിരമായി അറ്റകുറ്റപ്പണി ആവശ്യമാണെന്ന് കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് ഡ്രൈവർ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. വാഹന പരിപാലനം സംബന്ധിച്ച് മേൽ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

**8.** കേരള ഫൈനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 324 പ്രകാരം, കേരള ഫിനാൻഷ്യൽ കോഡ് വാല്യം II ലെ ഫാറം 48 A യിൽ Summary of Log Book ഉം ഫാറം 48 C യിൽ Maintenance and Repairs Account ഉം പരിപാലിക്കേണ്ടതാണ്.

പ്രവർത്തനങ്ങളിലെ അപാകങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-41 വീരണകാവ് പി.എച്ച്.സി യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി-നിഷ്ക്രിയ ആസ്തി ആയി തുടരുന്നു.

വീരണകാവ് പി.എച്ച്.സി യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ (പ്രോ.നം.S0.202/2019) വേണ്ടിയാണ് 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ആയതിന് വേണ്ടി 95,63,632/- അടങ്കൽ വകയിരുത്തി 47,00,000/-രൂപ ചെലവ് വരുത്തിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കെട്ടിടം

അറ്റകുറ്റപണികൾ ഫ്ളോർ ടൈലിംഗ്, സീലിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, പ്ളംബിംഗ്, പെയിൻറിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. പദ്ധതിക്ക് വകയിരുത്തിയിരുന്ന തുക കേരള സ്റ്റേറ്റ് മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.എം.സി.എൽ) കൈമാറിയിട്ടുണ്ട്. ഭരണാനുമതി നം. തീയതി-1(10)/30.10.2017.പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ-സിവിൽ വർക്കുകൾ, ഇൻസ്ട്രുമെന്റ് സ്ഥാപിക്കൽ എന്നിവയാണ്. എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കെ.എസ്.എം.സി.എൽ-ന് സെക്രട്ടറി കത്ത് (എ3-1020/17,6/11,17) നല്കിയത് പ്രകാരം കെ.എസ്.എം.സി.എൽ/ഇ.പി/1002/17 നമ്പർ കത്ത് അനുസരിച്ച് മാനേജിംഗ് ഡയറക്ടർ കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ചുവടെ ചേർക്കും പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(എസ്റ്റിമേറ്റ് ഇൻവോയിസ് നം.കെ.എം.എസ്.സി.എൽ/ഇ.പി/101/2016(5) തീയതി.16.03.18

എസ്റ്റിമേറ്റ് തുക - സിവിൽ വർക്ക് -30,64,512/-

ഉപകരണ വില – 64,99,117/-

നാളിതുവരെ 23,58,940/-രൂപ 21.03.18 - ൽ സബ് ട്രഷറി കാട്ടാക്കട മുഖേനയും

23,41,060/- രൂപ 20.04.2018-ൽ അക്കൗണ്ട്സ് ട്രാൻസ്ഫർ മുഖേനയും കെ.എസ്.എം.സി.എൽ- ന് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ കരാർ ചമച്ചിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ കെ.എസ്.എം.സി.എൽ ഉം തമ്മിലുള്ള കരാർ പ്രകാരം ഗ്രാമപഞ്ചായത്ത് ഡിപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ച് സിവിൽ വർക്കുകൾ ആരംഭിക്കുന്നതിന് സന്നദ്ധമാണെന്നും ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന തുകയായ 48,63,632/- രൂപ ഗ്രാമപഞ്ചായത്ത് അനുവദിക്കുന്നതാണെന്നും തുക വിനിയോഗിച്ച് ഈ എഗ്രിമെന്റ് തീയതി മുതൽ 6 മാസത്തിനുള്ളിൽ കെ.എസ്.എം.സി.എൽ സിവിൽ വർക്ക് പൂർത്തിയാക്കുന്നതാണെന്നും അവശേഷിക്കുന്ന തുകയായ 48,63,632/- രൂപ അനുവദിച്ച് 60 ദിവസത്തിനകം ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് യൂണിറ്റിന്റെ പ്രവർത്തനം കെ.എസ്.എം.സി.എൽ സജ്ജമാക്കുമെന്നമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഡയാലിസിസ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാന് 28.10.19-ന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണവും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ചതായും ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിക്കൽ, പെയിൻറിംഗ് എന്നീ വർക്കുകളാണ് ബാക്കിയുള്ളതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.അടിയന്തിരമായി ഡയാലിസിസ് യൂണിറ്റിന്റെ പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ ഭരണസമിതിയുടെയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള ലഭ്യതയ്ക്കായി പൈപ്പ് ലൈൻ നീട്ടുന്നതിനും സ്ട്രീറ്റ് ലൈറ്റ്

എക്സ്റ്റൻഷനമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചു. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമനം | പ്രോജക്ട് നം, പേര് | തുക | ഫണ്ട് | ബിൽ നം തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 160/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | സി എഫ് സി | 1114021/25.01.19<br>1,46,000/-<br>600802206/15.11.18<br>1,54,000/-<br>600881542/30.11.18<br>2,00,000/- | സെക്രട്ടറി |
| 2 | 175/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33074<br>106574 | വി ഫ<br>സി എഫ് സി | 600341902/19.07.18<br>63,074/-<br>60133805/11.03.19<br>33,074/-<br>601338059/11.03.19<br>43,500/- | സെക്രട്ടറി |
| 3 | 248/19 പട്ടകുളം കല്ലാമം പട്ടികജാതി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 219000 | എസ് സി പി | 301107617/24.01.19 | അസി.സെക്രട്ടറി |
| 4 | 159/19 സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷൻ | 400000 | സി എഫ് സി | 600501065/06.09.18<br>1,48,444/-<br>600501067/06.09.18<br>12,036/-<br>600501068/06.09.18<br>40,120/-<br>601392183/16.03.19<br>1,13,978/-<br>601318222/07.03.19<br>75,675/-<br>601299502/05.03.19<br>9,747/- | സെക്രട്ടറി |
| 5 | 174/19 സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷന് | 28617<br>496068 | വി ഫ<br>സി എഫ് സി | 600958699/19.12.18<br>3,30,600/-<br>600959770/19.12.18<br>1,65,458/-<br>600959772/19.12.18<br>28,617/- | സെക്രട്ടറി |
| 6 | 257/19 പുളിമൂട് അണമുഖം കിരാലിക്കുഴി സ്ട്രീറ്റ് ലൈൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ | 113250/- | റ്റി എസ് പി | 301454040/21.03.19 | സെക്രട്ടറി |
| | **ആകെ** | **18,96,583/-** | | | |

## 1-43 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

1. എം ബുക്കിലെ മനുഷ്യ ദിനവും മസ്റ്റർ റോളിലെ മനുഷ്യ ദിനവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാ.

| പദ്ധതിയുടെ പേര്/ എം ബുക്ക് നം | എം ബുക്ക് പ്രകാരം മനുഷ്യദിനം | മസ്റ്റർ റോൾ പ്രകാരം മനുഷ്യദിനം |
|---|---|---|
| പൂവ്വച്ചൽ വാർഡിൽ കിണർ നിർമ്മാണം-74/18-19 | സ്കിൽഡ് ലേബർ 8 (DR & RR) | മസ്റ്റർ റോൾ ഇല്ല |
| മുണ്ടക്കോണം വാർഡിൽ കിണർ നിർമ്മാണം-53/18-19 | സ്കിൽഡ് ലേബർ 9 (DR & RR) | മസ്റ്റർ റോൾ ഇല്ല |
| വലിയതോട് ചേന്നംകോട് വരെ തോട് പുനരുദ്ധാരണം-84/18-19 | അൺ സ്കിൽഡ് ലേബർ-354 | 351 |

2. മെറ്റീരിയൽ വാങ്ങിയതിന്റെ വൗചറുകൾ സൂക്ഷിക്കുന്നില്ല.

ഉദാ.

| പദ്ധതിയുടെ പേര്/ എം ബുക്ക് നം | എം ബുക്ക് പ്രകാരം അനുവദിച്ച തുക | ഹാജരാക്കിയ വൗചർ പ്രകാരമുള്ള തുക |
|---|---|---|
| മുണ്ടക്കോണം വാർഡിൽ കിണർ നിർമ്മാണം-53/18-19 | 39224/- | 29833/- |

3. ഹാജർ രേഖപ്പെടുത്തിയിട്ടില്ല

ഉദാ.പൂവ്വച്ചൽ വാർഡിൽ കിണർ നിർമ്മാണം-74/18-19-സെമി സ്കിൽഡ് ലേബർ ഭാഗികമായി മാത്രമേ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളു.

ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പകൽവീട് കെയർ ടേക്കർമാർക്ക് അധിക വേതനം നൽകി - 24,000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ – 45/2019 (പകൽവീട് പ്രവർത്തനങ്ങൾ)

അടങ്കൽ തുക – 745430/- (വി.ഫ (ജനറൽ) – 185430/-, സംസ്ഥാന വിഹിതം – 560000/-)

ചെലവ് – 676353/- (വി.ഫ (ജനറൽ) – 116353/-, ബിൽ നമ്പർ.19/ICDS/04.02.19-71,553/-, 21/ICDS/05.02.19 – 44,800/-)

സംസ്ഥാന വിഹിതം – 5,60,000/-)

നിർവ്വഹണോദ്യോഗസ്ഥ – ICDS സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മൂന്ന് പകൽവീടുകളിൽ, പ്രവർത്തനം ആരംഭിച്ചിട്ടുള്ള രണ്ട് പകൽ വീടുകളുടെ (കൊക്കുറുണി, പ്രിയദർശിനി എന്നിവ) ദൈനംദിന ചെലവുകൾ, യോഗപരിശീലനം, കെയർടേക്കർമാർക്കുള്ള വേതനം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. 14.02.2019-ലെ സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖ 7.1.13 പ്രകാരം പകൽവീടിലെ ജീവനക്കാർക്ക് നൽകാവുന്ന പരമാവധി വേതനം 7000/- രൂപയാണ്. എന്നാൽ പ്രോജക്ട് പ്രകാരം 2 പകൽവീടുകളിലെ 4 ജീവനക്കാർക്ക് 7500/- രൂപ നിരക്കിൽ 12 മാസത്തേക്ക് വേതനം നൽകിയിട്ടുണ്ട്.

അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി (നമ്പർ 1) നൽകിയതിന് സാമൂഹ്യനീതി വകുപ്പിന്റെ സാംയംപ്രഭ ഹോം പദ്ധതി പ്രകാരമാണ് പ്രസ്തുത പകൽവീടുകൾ തുടങ്ങിയതെന്നും, ഇതിലെ വ്യവസ്ഥകൾ പ്രകാരം ഒരാൾക്ക് പരമാവധി 14000/- രൂപ നൽകാവുന്നതാണെന്നും മറുപടി നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത വ്യവസ്ഥകളിൽ (ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 01.03.2018-ലെ എഫ്.2/2198/2018 നമ്പർ കത്ത്) ജെറിയാട്രിക് കെയറിൽ പരിശീലനം നേടിയ കെയർഗിവർക്കാണ് ഇപ്രകാരം തുക അനുവദിക്കാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഒരു പകൽവീടിൽ ഒരു കെയർഗിവർക്ക് മാത്രമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഒരു പകൽ വീടിലെ രണ്ട് കെയർഗീവർമാർക്ക് 7500/- രൂപ നിരക്കിൽ ആകെ 15,000/- രൂപ പ്രതിമാസ ഹോണറേറിയം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ജീവനക്കാർക്ക് സായംപ്രഭ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതയുമില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 24,000/- രൂപ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 – 18.07.2019 | നംകെഎസ്എ.റ്റി.വി.എം.ജി.പി.5/1357/2019, തീയതി 19/08/19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 8500 | കേദാരം | 8500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 327750 | സ്നേഹ സ്പർശം | 327750 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 650000 | ക്ഷീരസമൃതി | 650000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 850000 | പാലിനു സബ്സിഡി (വനിത) | 850000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1428082 | ലൈഫ് ഭവനം (ജനറൽ) | 1428082 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 107592 | ലൈഫ് ഭവനം (പട്ടിക ജാതി) | 107592 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 208800 | കിണർ റീചാർജ്ജ് | 93600 | 115200 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2767440 | പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റ് | 796936 | 1970504 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1200000 | അംഗൻവാടി നിർമ്മാണം | 896693 | 303307 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 12903 | ലൈഫ് ഭവനം (പട്ടിക വർഗ്ഗം) | -- | 12903 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10000 | കിണർ നിർമ്മാണം | -- | 10000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 66667 | ആശ്രയ | -- | 66667 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 560000 | ഹരിത ഭവനം | 560000 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 75000 | ജൈവ സമൃതി | 75000 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 8500 | കേദാരം | 8500 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2516029 | ലൈഫ് ഭവനം (ജനറൽ) | 2516029 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 186267 | ലൈഫ് ഭവനം (പട്ടിക ജാതി) | 186267 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 14661 | ലൈഫ് ഭവനം (പട്ടിക വർഗ്ഗം) | -- | 14661 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 327750 | സ്നേഹ സ്പർശം | 327750 | -- |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ക്ലാസ് റൂം നിർമ്മാണം | 1000000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 540000 | കിണർ റീചാർജ്ജ് | -- | 540000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 510000 | പാലിനു സബ്സിഡി (വനിത) | 510000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | പാലിനു സബ്സിഡി | 300000 | |

<u>കുറിപ്പുകൾ</u>

**1.** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വരവ് 49,37,734/- രൂപയാണ്. 2017-18 ലെ മുൻബാക്കിയായ 2,70,00,00/- രൂപയുൾപ്പെട്ട (1200000+1500000) തുകയായ 76,37,734/- രൂപയാണ് ആകെ വരവായി കാണിച്ചിരിക്കുന്നത്.

**2.** വാർഷിക ധനകാര്യപത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ നീക്കിയിരിപ്പ് 26,48,682/-രൂപയാണ്. എന്നാൽ പ്ലാസ്റ്റിക് ഷ്രെഡിംങ്ങ് യൂണിറ്റ് ചുറ്റുമതിൽ നിർമ്മാണത്തിന്റെ ചെലവു തുകയായ 1,70,101/-രൂപ കുറവ് വരുത്താത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത ഇനത്തിന്റെ നീക്കിയിരിപ്പ് കൂടുതലായി കിടക്കുകയാണ്. യഥാർത്ഥ നീക്കിയിരിപ്പ് 24,78,581/-രൂപയാണ്.

**3.** ജില്ലാ പഞ്ചായത്തിന്റെ 2018-19 ലെ വരവ് 50,38,207/- രൂപയാണ്. 2017-18-ലെ മുൻബാക്കിയായ 10,00,000/- രൂപയുൾപ്പെട്ട തുകയായ 60,38,207/-രൂപയാണ് ആകെ വരവായി കാണിച്ചിരിക്കുന്നത്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (2018-19) | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | പ്രോജക്ട് നം | തുക | |
| KSEB | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 1037935 | 159/18-19 | 400000 | 2295068 |
| | | | 174/18-19 | 524685 | |
| | | | 257/18-19 | 113250 | |
| KWA | പൈപ്പ് ലൈൻ നീട്ടൽ | 2750793 | 180/18-19 | 692145 | 7827074 |
| | | | 175/18-19 | 139648 | |
| | | | 221/18-19 | 1200000 | |
| | | | 160/18-19 | 500000 | |
| | | | 248/18- | 219000 | |

| | | | | | |
|---|---|---|---|---|---|
| | | | 19 | | |
| PWD | അംഗൻവാടി നിർമ്മാണം | 255000 | 259/18-19 | 255000 | 255000 |

1. KSEB 2017-18 വരെ മുൻകൂർ നൽകിയിരിക്കുന്നത് 1257133/-

2. KWA 2017-18 വരെ മുൻകൂർ നൽകിയിരിക്കുന്നത് 5076281/-

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 275/ 10/ ത.സ്വ.ഭ.വ 27.01.2010 | 13377000 | 4213800 | 2106900 | | 2106900 |
| KURDC | - | 60885425 | 0 | - | - | 60885425 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2003-04 | 3.25 | 8671/- | ശ്രീ.കൃഷ്ണൻ നായർ (മെമ്പർ) | 118020500038 15.02.2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.25 | 2016-19 | 136 | തടി ലേലം സംബന്ധിച്ച് | റവന്യൂ റിക്കവറി നടന്നു വരുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 207704884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 191717347 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3343690/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 24000 | ശ്രീമതി.കലാവതി എം.എസ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

***<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>***

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 1200000/- | ശ്രീ.ജോസഫ് ബിജു.എം സെക്രട്ടറി |
| 1-38 | 247107/- | ഡോ.ഷീബ.എസ്.എൽ.മെഡിക്കൽ ഓഫീസർ |
| 1-42 | 1677583<br>219000 | ശ്രീ.ജോസഫ് ബിജു.എം സെക്രട്ടറി<br>ശ്രീ.ജോയ് എം.ഡി, അസി.സെക്രട്ടറി |
| **ആകെ** | **33,43,690/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ. ജോസഫ് ബിജു | സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചാത്ത് | പാവറ വീട്, കാക്കവിള പി.ഒ, കാരോട് |
| ഡോ.നെൽസൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | പ്രവീൺ വിഹാർ, ഊരുട്ടമ്പലം പി.ഒ |
| ശ്രീ.ജോയ് എം.ഡി അസി.സെക്രട്ടറി | - | പഞ്ചമി, അരുവിയോട്, വട്ടപ്പാറ പി.ഒ |
| ശ്രീമതി.കലാവതി എം.എസ്, ICDS Suprevisor | ICDS Suprevisor, പൂവ്വച്ചൽ ഗ്രാമപഞ്ചായത്ത് | നികുഞ്ജ ശ്രീ, കുളക്കോട്, വെള്ളനാട് പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1280/18, dt20.06.18 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14, dt 3.09.2014 | 2 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15, dt 09.07.15 | 13 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, dt 09.07.15 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848, dt 19.10.15, | 16 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, dt 3/06/15 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15,dt 15.10.15 | 13 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/216/17,dt 04.04.17 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/785/17,dt 15.04.17 | 20 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1895/18,dtd 3.6.19 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/827/19,dtd 9.7.19 | 6 |

ഒപ്പ്

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

PR 17.12.2019

# 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**